(ബി) 52 പേർക്ക് ജോലി നൽകിയിട്ടുണ്ട്. കൂടാതെ ഏകദേശം 50 പേർക്ക് പരോക്ഷമായി തൊഴിൽ നൽകാനും കഴിയുന്നു.

ക്ലീൻകേരള പദ്ധതിനിർവ്വഹണ പുരോഗതി

100 (4535) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ലീൻകേരള പദ്ധതി നടപ്പാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈ സാമ്പത്തികവർഷം എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) സംസ്ഥാനത്തെ കോർപ്പറേഷനുകൾക്ക് ഇതിനകം യഥാക്രമം എത്ര തുക വിതരണം ചെയ്തുകഴിഞ്ഞു ;

(സി) ഈ പദ്ധതി നടപ്പാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ ;

(ഡി) നിർവ്വഹണപുരോഗതി വിലയിരുത്തുന്നതിന് ഗവൺമെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഇ) തിരുവനന്തപുരം നഗരസഭ ഈ പദ്ധതിപ്രകാരം എന്തെല്ലാം പ്രവർത്തനങ്ങൾ പൂർത്തിയാക്കിയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ക്ലീൻകേരളാ പദ്ധതി നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓരോ സാമ്പത്തികവർഷവും പ്രത്യേകമായി തുക അനുവദിച്ചിട്ടില്ല. അധികാരവികേന്ദ്രീകരണത്തിന് ശേഷം മാലിന്യനീക്കവും നിർമ്മാർജ്ജനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാന ചുമതലയാണ്.

(ബി) ക്ലീൻകേരള പദ്ധതിയുടെ നടത്തിപ്പിനായി തുകയൊന്നും വിതരണം ചെയ്തിട്ടില്ല.

(സി) ഉണ്ട്. 1-4-2003 മുതൽ 2 വർഷം നിശ്ചയിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. പൂർണ്ണസ്വാതന്ത്ര്യമുള്ള ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ കാര്യക്ഷമതയുള്ള ഒരു ഉദ്യോഗസ്ഥനെ മുഴുവൻസമയ പ്രവർത്തകനായി പ്രോജക്ട് ഡയറക്ടർ എന്നനിലയിൽ ഒരുവർഷത്തേക്ക് നിയമിക്കാനും ഉത്തരവായിട്ടുണ്ട്.

(ഇ) ക്ലീൻകേരളാ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം നഗരസഭയിൽ ഒരു പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റ് സ്ഥാപിക്കുകയും കോർപ്പറേഷൻ ലവൽ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. നഗരത്തിലെ മെഡിക്കൽ കോളേജ്, മെഡിക്കൽ കോളേജ് ഈസ്റ്റ്, ഗൗരീശപട്ടം, കിഴക്കേകോട്ട, പി.റ്റി.പി. നഗർ എന്നീ വാർഡുകളിൽ മാലിന്യങ്ങൾ നീക്കംചെയ്യുന്നതിന് കുടുംബശ്രീ പ്രവർത്തകരുടെ സഹായത്തോടെ ഡോർ ടു ഡോർ കളക്ഷൻ നടത്തിവരുന്നു. കൂടാതെ ഈ നഗരസഭയിലെ കവടിയാർ-കിഴക്കേകോട്ട റോഡ് ചവർ വിമുക്തമേഖലയായി പ്രഖ്യാപിച്ച് പരിപാലിച്ചുംവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly